ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE : 10.08.2024** | **പ്രധാന വാർത്തകൾ** | **TIME : 12.50 PM**

1. ഉരുൾപൊട്ടൽ ബാധിത പ്രദേശങ്ങൾ സന്ദർശിക്കാനായി പ്രധാനമന്ത്രി നരേന്ദ്രമോദി വയനാട്ടിലെത്തി. ദുരന്ത മേഖലയിൽ പ്രധാനമന്ത്രി വ്യോമനിരീക്ഷണം നടത്തി.

   **Prime Minister Narendra Modi arrived in Wayanad to visit the landslide affected areas. The Prime Minister conducted aerial surveillance in the disaster area.**

2. ദുരിതാശ്വാസ ക്യാമ്പ് സന്ദർശിക്കുന്ന പ്രധാനമന്ത്രി അവലോകന യോഗത്തിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾ വിലയിരുത്തും.

   **The Prime Minister visiting the relief camp will assess the relief work in a review meeting.**

3. രാഷ്ട്രപതി ദ്രൗപദി മുർമുവിനെ തിമോർ ലെസ്റ്റെയുടെ പരമോന്നത സിവിലിയൻ പുരസ്കാരമായ ഗ്രാൻഡ് കോളർ ഓഫ് ദി ഓർഡർ നൽകി ആദരിച്ചു.

   **President Draupadi Murmu was honoured with the Grand Collar of the Order, Timor Leste's highest civilian award.**

4. പ്രധാനമന്ത്രി ആവാസ് യോജനയ്ക്ക് കീഴിൽ മൂന്ന് കോടി പുതിയ വീടുകൾ നിർമ്മിക്കാൻ കേന്ദ്ര മന്ത്രിസഭയുടെ അനുമതി. 24,657 കോടി രൂപയുടെ എട്ട് റെയിൽപാതാ പദ്ധതികൾക്കും അംഗീകാരം.

   **Union Cabinet approves construction of three crore new houses under Pradhan Mantri Awas Yojana. All eight railway projects worth Rs 24,657 crore have been approved.**

5. എസ്.സി, എസ്.ടി സംവരണം സംബന്ധിച്ച സുപ്രീം കോടതി നിരീക്ഷണവുമായി ബന്ധപ്പെട്ട് കേന്ദ്ര മന്ത്രിസഭയിൽ വിശദമായ ചർച്ച നടന്നതായി കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്.

**Union Minister Ashwini Vaishnav said that there was a detailed discussion in the Union Cabinet regarding the Supreme Court observation on SC- ST reservation.**

6. പാരീസ് ഒളിമ്പിക്സിൽ വെങ്കല മെഡൽ നേടിയ ഇന്ത്യൻ പുരുഷ ഹോക്കി ടീമിന് ഡൽഹി വിമാനത്താവളത്തിൽ ഉജ്ജ്വല വരവേൽപ്. 33-ാമത് ഒളിമ്പിക്സിന് നാളെ പാരീസിൽ സമാപനം.

**Indian men's hockey team, who won the bronze medal at the Paris Olympics, received a warm welcome at the Delhi airport. The 33rd Olympics will conclude tomorrow in Paris.**

&&&&&&&&&&&&&&&&

## HEADLINE – 2
## PREZ-TIMOR

ത്രിരാഷ്ട്ര സന്ദർശനത്തിന്റെ ഭാഗമായി തിമോർ ലെസ്തെയിലെത്തിയ രാഷ്ട്രപതി ദ്രൗപദി മുർമുവിന് രാജ്യത്തെ പരമോന്നത സിവിലിയൻ പുരസ്കാരമായ ഗ്രാൻഡ് കോളർ ഓഫ് ദി ഓർഡർ ഓഫ് തിമോർ - ലെസ്തെ നൽകി ആദരിച്ചു. പ്രസിഡൻ്റ് ജോസ് റാമോസ് ഹോർട്ടയാണ് പുരസ്കാരം സമ്മാനിച്ചത്. പൊതുസേവനം, വിദ്യാഭ്യാസം, സാമൂഹികക്ഷേമം, സ്ത്രീശാക്തീകരണം എന്നീ മേഖലകളിലെ പ്രവർത്തനങ്ങൾ പരിഗണിച്ചാണ് അവാർഡ്. ഇന്ത്യയും തിമോർ-ലെസ്തെയും തമ്മിലുള്ള സൗഹൃദത്തിൻ്റെ പ്രതിഫലനമാണ് ബഹുമതിയെന്ന് രാഷ്ട്രപതി പറഞ്ഞു. തുടർന്ന് തിമോർ-ലെസ്തെ പ്രെസിഡന്റുമായി ഉഭയകക്ഷി

ചർച്ച നടത്തിയ ശ്രീമതി മുർമു ഇന്ത്യൻ സമൂഹവുമായും ആശയവിനിമയം നടത്തും.

&&&&&&&&&&&&&&&&&

## HEADLINE – 1,2

## PM - WAYANAD - INTRO

ഉരുൾപൊട്ടൽ ബാധിത പ്രദേശങ്ങൾ സന്ദർശിക്കാനായി പ്രധാനമന്ത്രി നരേന്ദ്രമോദി വയനാട്ടിലെത്തി. ദുരന്ത മേഖലയിൽ വ്യോമനിരീക്ഷണം നടത്തിയ പ്രധാനമന്ത്രി ഉരുൾപൊട്ടൽ ബാധിത പ്രദേശവും ദുരിതാശ്വാസ ക്യാമ്പും സന്ദർശിക്കുന്നുണ്ട്. മണ്ണിടിച്ചിലിൽ മരിച്ചവരുടെ ആശ്രിതരുമായും ചികിത്സയിൽ കഴിയുന്നവരുമായും പ്രധാനമന്ത്രി ആശയവിനിമയം നടത്തും. സൈനികർ നിർമ്മിച്ച ബെയ് ലി പാലം സന്ദർശിക്കുന്ന പ്രധാനമന്ത്രി രക്ഷാദൗത്യത്തിൽ പങ്കെടുത്തവരെയും കാണും. രാവിലെ 11.10 ന് വ്യോമസേനയുടെ വിമാനത്തിൽ കണ്ണൂർ വിമാനത്താവളത്തിൽ ഇറങ്ങിയ പ്രധാനമന്ത്രിയെ കേരള ഗവർണർ ആരിഫ് മുഹമ്മദ് ഖാനും മുഖ്യമന്ത്രി പിണറായി വിജയനും ചേർന്ന് സ്വീകരിച്ചു.

വിശദാംശങ്ങളിലേക്ക്..

(വോയ്സ്)

*കെ കെ ശൈലജ എം എൽ എ, ചീഫ് സെക്രട്ടറി ഡോ. വി വേണു, ഡി ജി പി ഷേഖ് ദർവേശ് സാഹിബ്, ജില്ലാ കളക്ടർ അരുൺ കെ വിജയൻ, സിറ്റി പോലീസ് കമ്മിഷണർ അജിത് കുമാർ തുടങ്ങിയവരും പ്രധാനമന്ത്രിയെ സ്വീകരിക്കാൻ വിമാനത്താവളത്തിൽ എത്തിയിരുന്നു. കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപിയും പ്രധാനമന്ത്രിക്കൊപ്പം ഉണ്ട്. സ്വീകരണത്തിന് ശേഷം*

*പ്രധാനമന്ത്രി വ്യോമസേനാ ഹെലികോപ്റ്ററിൽ വയനാട്ടിലേക്ക് തിരിച്ചു. ഗവർണറും മുഖ്യമന്ത്രിയും കേന്ദ്ര സഹമന്ത്രിയും പ്രധാനമന്ത്രിയെ അനുഗമിച്ചു. തുടർന്ന് പ്രധാനമന്ത്രിയുടെ അധ്യക്ഷതയിൽ ചേരുന്ന അവലോകന യോഗത്തിൽ ഇപ്പോൾ നടക്കുന്ന ദുരിതാശ്വാസ പ്രവർത്തനങ്ങളെക്കുറിച്ചും വിശദീകരിക്കും. ഉച്ചകഴിഞ്ഞ് കണ്ണൂർ വിമാനത്താവളം വഴി ശ്രീ മോദി ഡൽഹിയിലേക്ക് മടങ്ങും. പ്രധാനമന്ത്രിയുടെ സന്ദർശനത്തിൻറെ ഭാഗമായി കണ്ണൂർ വിമാനത്താവത്തിലും മട്ടന്നൂരിലും പോലീസിൻറെ കർശന സുരക്ഷയാണ് ഒരുക്കിയിട്ടുള്ളത്. എസ്.പി.ജി. ഉദ്യോഗസ്ഥർക്ക് പുറമേ കണ്ണൂരും വയനാട്ടിലുമായി 2000-ലധികം പോലീസുകാരെയും വിന്യസിച്ചിട്ടുണ്ട്.*

***ന്യൂസ് ഡെസ്ക്, ആകാശവാണി.......***

&&&&&&&&&&&&&&&&&&

## RAHUL GANDHI - PM WAYANAD

വയനാട്ടിലെ ഉരുൾപൊട്ടൽ ബാധിത പ്രദേശങ്ങൾ സന്ദർശിക്കാനുള്ള പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ തീരുമാനത്തിന് നന്ദി അറിയിച്ച് ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി. സ്ഥിതിഗതികൾ നേരിട്ട് പരിശോധിച്ച് വയനാട് ഉരുൾപൊട്ടൽ "ദേശീയ ദുരന്തമായി" പ്രഖ്യാപിക്കുമെന്ന് പ്രതീക്ഷിക്കുന്നതായും അദ്ദേഹം പറഞ്ഞു. ഈ മാസം ഒന്നിന് ശ്രീ രാഹുൽ ഗാന്ധി കോൺഗ്രസ് നേതാക്കളായ കെ.സി വേണുഗോപാൽ, പ്രിയങ്ക ഗാന്ധി എന്നിവർക്കൊപ്പം വയനാട്ടിൽ സന്ദർശനം നടത്തുകയും ഇത് ദേശീയ ദുരന്തമായി പ്രഖ്യാപിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു.

&&&&&&&&&&&&&&&&&&

## PM VISIT-RESCUE

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ സന്ദർശനത്തോടനുബന്ധിച്ച് വയനാട് ജില്ലയിൽ കർശന നിയന്ത്രണങ്ങളുള്ളതിനാൽ മുണ്ടക്കൈ, ചൂരൽമല തുടങ്ങി ദുരന്തബാധിത പ്രദേശങ്ങളിൽ ഇന്ന് തെരച്ചിൽ ഉണ്ടാകില്ലെന്ന് ജില്ലാ കളക്ടർ ഡി.ആർ. മേഘശ്രീ അറിയിച്ചു. സന്നദ്ധ പ്രവർത്തകർ, തെരച്ചിലുമായി ബന്ധപ്പെട്ട മറ്റുള്ളവർ തുടങ്ങിയവർക്ക് ദുരന്തബാധിത പ്രദേശങ്ങളിൽ പ്രവേശനം ഉണ്ടാകില്ല. നാളെ ജനകീയ തെരച്ചിൽ പുനരാരംഭിക്കുമെന്നും ജില്ലാ കളക്ടർ അറിയിച്ചു.

&&&&&&&&&&&&&&&&

## HEADLINE – 4
## OVERALL CABINET

പ്രധാനമന്ത്രി ആവാസ് യോജന-അർബൻ 2.0 പദ്ധതിക്ക് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി. 2024-25 മുതൽ 2028-29 വരെയുള്ള സാമ്പത്തിക വർഷത്തിൽ പ്രധാനമന്ത്രി ആവാസ് യോജന-ഗ്രാമിൺ നടപ്പാക്കുന്നതിനും മന്ത്രിസഭ അനുമതി നൽകി. പ്രധാനമന്ത്രി ആവാസ് യോജനയ്ക്ക് കീഴിൽ മൂന്ന് കോടി പുതിയ വീടുകൾ നിർമ്മിക്കും. ഇതിൽ രണ്ട് കോടി വീടുകൾ ഗ്രാമപ്രദേശങ്ങളിലും ഒരു കോടി നഗരപ്രദേശങ്ങളിലുമാണ് നിർമിക്കുക. പദ്ധതിക്കായി മൂന്ന് ലക്ഷത്തി 60,000 കോടി രൂപ ബജറ്റിൽ വകയിരുത്തും.

&&&&&&&&&&&&&&&&

## HEADLINE – 5
## ASHWINI VAISHNAW - CABINET

പട്ടികജാതി-പട്ടികവർഗ സംവരണം സംബന്ധിച്ച സുപ്രീംകോടതി നിരീക്ഷണവുമായി ബന്ധപ്പെട്ട് കേന്ദ്രമന്ത്രിസഭയിൽ വിശദമായ ചർച്ച നടന്നതായി

കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്. എസ്‌സി, എസ്ടി സംവരണത്തിൽ ക്രീമി ലെയറിന് വ്യവസ്ഥയില്ലെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി. ഭരണഘടനാ വ്യവസ്ഥകൾ പാലിക്കാൻ കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&

## CCEA-RAILWAYS

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അധ്യക്ഷതയിൽ ചേർന്ന കേന്ദ്ര മന്ത്രിസഭയുടെ സാമ്പത്തികകാര്യ സമിതി റെയിൽവേ മന്ത്രാലയത്തിന്റെ 24,657 കോടി രൂപയുടെ എട്ട് പദ്ധതികൾക്ക് അംഗീകാരം നൽകി. ഒഡീഷ, മഹാരാഷ്ട്ര, ആന്ധ്രാപ്രദേശ്, ഝാർഖണ്ഡ്, ബീഹാർ, തെലങ്കാന, പശ്ചിമ ബംഗാൾ എന്നീ സംസ്ഥാനങ്ങളിൽ ഉൾപ്പെട്ടതാണ് പദ്ധതികൾ. കാർഷികോൽപ്പന്നങ്ങൾ, വളം, കൽക്കരി, ഇരുമ്പയിര്, ഉരുക്ക്, സിമൻറ് തുടങ്ങിയവയുടെ ഗതാഗതത്തിന് ആവശ്യമായ പാതകളാണ് നടപ്പാക്കുന്നത്.

&&&&&&&&&&&&&&&&&

## FM NIRMALA - RBI

രാജ്യത്ത്, സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ലളിതവും ഫലപ്രദവുമായ നികുതി സംവിധാനം ഉറപ്പു വരുത്തുകയാണ് കേന്ദ്രസർക്കാർ ലക്ഷ്യമിടുന്നതെന്ന് കേന്ദ്രധനമന്ത്രി നിർമല സീതാരാമൻ. നികുതി നിയമങ്ങളും നടപടികളും ലളിതമാക്കുന്നത് വഴി വളർച്ചാനിരക്ക് ഉയർത്താനും തൊഴിലവസരങ്ങൾ വർധിപ്പിക്കാനും സാധിക്കുമെന്ന് കേന്ദ്രമന്ത്രി പറഞ്ഞു. ആർബിഐ ഡയറക്ടർ ബോർഡ് യോഗത്തിൽ പങ്കെടുത്ത ശേഷം വാർത്താസമ്മേളനത്തിൽ

സംസാരിക്കുകയായിരുന്നു ധനമന്ത്രി. ബാങ്കുകൾ നിക്ഷേപ സമാഹരണം ഉയർത്തണമെന്നും ശ്രീമതി. സീതാരാമൻ പറഞ്ഞു. റിസർവ് ബാങ്ക് ഗവർണർ ശക്തികാന്ത ദാസ് യോഗത്തിൽ പങ്കെടുത്തു.

&&&&&&&&&&&&&&&&

## DEFENCE EXPORT

രാജ്യത്തിൻറെ പ്രതിരോധ കയറ്റുമതിയിൽ നടപ്പു സാമ്പത്തിക വർഷത്തിൻറെ ആദ്യപാദത്തിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 78 ശതമാനം വർധന. കഴിഞ്ഞ തവണ 3,865 കോടി രൂപയായിരുന്നത് ഇത്തവണ 6,915 കോടി രൂപയായാണ് വർധിച്ചതെന്ന് രാജ്യരക്ഷാ മന്ത്രാലയം വ്യക്തമാക്കി. പ്രതിരോധ മേഖലയിൽ സ്വാശ്രയത്വത്തിലും നൂതന ആവിഷ്ക്കാരത്തിലും പുതിയ മാനദണ്ഡം സ്ഥാപിക്കാനുള്ള സർക്കാരിൻ്റെ ഉറച്ച പ്രതിബദ്ധതയാണ് ഈ കുതിപ്പ് അടിവരയിടുന്നതെന്ന് പ്രതിരോധ വക്താവ് എ.ഭരത് ഭൂഷൺ ബാബു സമൂഹമാധ്യമത്തിലൂടെ അറിയിച്ചു.

&&&&&&&&&&&&&&&&

## HEADLINE – 6
## PARIS OLYMPICS

പാരീസ് ഒളിമ്പിക്സിൽ ഗെയിംസിനത്തിൽ ഇന്ത്യയുടെ ഗുസ്തി താരം റീതിക ഹൂഡ ഇന്ന് വനിതകളുടെ 76 കിലോഗ്രാം ഫ്രീസ്റ്റൈൽ ഇനത്തിൽ മത്സരിക്കും. 22 കാരിയായ താരം ഹംഗറിയുടെ ബെർണാഡെറ്റ് നാഗിയെയാണ് ആദ്യ റൗണ്ടിൽ നേരിടുക. ഇന്ത്യൻ സമയം ഉച്ചയ്ക്ക് 2:30 നാണ് മത്സരം. ഗോൾഫിൽ, അദിതി അശോകും ദിക്ഷ ദാഗറും ഇന്ന് വനിതാ വിഭാഗത്തിന്റെ അവസാന റൗണ്ടിൽ

മത്സരിക്കും. 33-ാമത് ഒളിമ്പിക്സിന് നാളെ പാരീസിൽ സമാപനമാകും. സമാപന ചടങ്ങിൽ പി.ആർ.ശ്രീജേഷും മനുഭാക്കറും ഇന്ത്യൻ പതാകയേന്തും.

&&&&&&&&&&&&&&&&&

## INDIAN-HOCKEY TEAM

പാരീസ് ഒളിംപിക്സിൽ വെങ്കലം സ്വന്തമാക്കിയ ഇന്ത്യൻ പുരുഷ ഹോക്കി ടീമിന് ഡൽഹി വിമാനത്താവളത്തിൽ ഉജ്ജ്വല വരവേൽപ്. ഹർമൻപ്രീത് സിങ് , മുൻ കാപ്റ്റൻ മൻപ്രീത് സിങ് എന്നിവരെ ഹാരമണിയിച്ചു സ്വീകരിച്ചു.

&&&&&&&&&&&&&&&&&

## WORLD LION DAY

ഇന്ന് ലോക സിംഹദിനം. സിംഹങ്ങളുടെ സംരക്ഷണത്തിന്റെ പ്രാധാന്യത്തെപ്പറ്റി അവബോധം സൃഷ്ടിക്കുക എന്നതാണ് ഈ ദിനത്തിൻറെ ലക്ഷ്യം. സിംഹങ്ങളുടെ സംരക്ഷണം രാജ്യത്തിന്റെ കടമയാണെന്നും അതിനായി പ്രവർത്തിക്കുന്നവരെ ആശംസിക്കുന്നതായും പ്രധാനമന്ത്രി നരേന്ദ്രമോദി സമൂഹമാധ്യമത്തിൽ കുറിച്ചു. സിംഹങ്ങളുടെ സംരക്ഷണത്തിനായി സ്വീകരിച്ച നടപടികളുടെ അടിസ്ഥാനത്തിൽ രാജ്യത്തെ ആകെ സിംഹങ്ങളുടെ എണ്ണം 674 ആയി വർധിച്ചതായി കേന്ദ്ര പരിസ്ഥിതി മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&&

## FOREIGN SECY NEPAL

വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി രണ്ട് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി നാളെ നേപ്പാളിലേക്ക്

തിരിക്കും. ഇന്ത്യ-നേപ്പാൾ ഉഭയകക്ഷി ബന്ധം കൂടുതൽ മെച്ചപ്പെടുത്തുകയാണ് സന്ദർശനത്തിന്റെ ലക്ഷ്യം. അയല്പക്കം ആദ്യം എന്ന നയത്തിന്റെ ഭാഗമായി നേപ്പാളുമായുള്ള ബന്ധത്തിന് ഇന്ത്യ നൽകുന്ന മുൻഗണനയാണ് സന്ദർശനത്തിലൂടെ പ്രതിഫലിക്കുന്നത്.

&&&&&&&&&&&&&&&&

## NAGALAND-HIGH ALERT

ബംഗ്ലാദേശിൽ രാഷ്ട്രീയ പ്രതിസന്ധി നിലനിൽക്കുന്ന സാഹചര്യത്തിൽ അനധികൃത കുടിയേറ്റക്കാരുടെ നുഴഞ്ഞുകയറ്റം തടയാൻ അതീവ ജാഗ്രതയോടെ നാഗാലാൻഡ് സർക്കാർ . അതതു ജില്ലകളിൽ സുരക്ഷാ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ സംസ്ഥാനത്തെ ഡെപ്യൂട്ടി കമ്മീഷണർമാർക്ക് നിർദേശം നൽകിയതായി ആഭ്യന്തര കമ്മിഷണർ ആർ വ്യാസൻ വ്യക്തമാക്കി. ഗ്രാമ സമിതികൾ സജീവമാക്കാനും അസാധാരണ സംഭവങ്ങൾ ഉണ്ടായാൽ റിപ്പോർട്ട് ചെയ്യാൻ വേണ്ട സൗകര്യങ്ങൾ ഉറപ്പാക്കാനും നിർദേശം നൽകിയിട്ടുണ്ട്.

&&&&&&&&&&&&&&&&

## BRAZIL PLANE CRASH

ബ്രസീലിൽ ജനവാസ മേഖലയിൽ യാത്രാ വിമാനം തകർന്ന് 61 മരണം. സാവോ പോളോയ്ക്ക് സമീപം ഇന്നലെ രാത്രിയായിരുന്നു അപകടം. പ്രദേശത്തെ ഒരു വീട് പൂർണമായും തകർന്നു. എന്നാൽ താമസക്കാർക്ക് ആർക്കും പരിക്കേറ്റില്ല. 57 യാത്രക്കാരും 4 ജീവനക്കാരും വിമാനത്തിൽ ഉണ്ടായിരുന്നതായി ബ്രസീലിയൻ വിമാന കമ്പനി അറിയിച്ചു.

&&&&&&&&&&&&&&&&

## VENEZUELA X BAN

സമൂഹമാധ്യമമായ എക്സിന് പത്തു ദിവസത്തേക്ക് നിരോധനമേർപ്പെടുത്തി വെനസ്വേല. കഴിഞ്ഞ മാസം 28 ന് നടന്ന വെനസ്വേലയിലെ പ്രസിഡൻറ് തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പ്രസിഡൻറ് നിക്കോളാസ് മഡുറോയും എക്സ് ഉടമ എലോൺ മസ്ക്കും പരസ്പരം ആരോപണങ്ങൾ ഉന്നയിച്ചതിന് പിന്നാലെയാണ് തീരുമാനം. വിവാദമായ പ്രസിഡന്റ് തെരഞ്ഞെടുപ്പിനുശേഷം വിദ്വേഷം വളർത്തുന്നതിന് എലോൺ മസ്ക് സമൂഹമാധ്യമം ഉപയോഗിക്കുന്നതായും വെനിസ്വേലൻ പ്രസിഡന്റ് ആരോപിച്ചു. പ്രസിഡൻ്റ് തിരഞ്ഞെടുപ്പിൽ മഡുറോയെ വിജയിയായി തെരഞ്ഞെടുപ്പ് അധികൃതർ പ്രഖ്യാപിച്ചെങ്കിലും ഇതുവരെ വോട്ടിംഗ് കണക്കുകൾ ഹാജരാക്കിയിട്ടില്ല.

&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&